(ബി) 5-7-1996, 21-11-1996, 19-3-1999 എന്നീ തീയതികളിൽ ചീഫ് എഞ്ചിനീയറോട് യഥാർത്ഥ എസ്റ്റിമേറ്റ് തുക, റിവൈസ്ഡ് എസ്റ്റിമേറ്റ് തുക, യഥാർത്ഥ എസ്റ്റിമേറ്റിനേക്കാൾ അധികരിച്ച ശതമാനം അഡീഷണൽ പണികൾ അനുവദിക്കാനുള്ള കാരണം എന്നിവയുടെ വിശദീകരണമാണ് ആവശ്യപ്പെട്ടത്. കൂടാതെ ശേഖരിച്ച സാധനങ്ങൾ വേണ്ട ശ്രദ്ധയോടെ യാണോ സൂക്ഷിച്ചിരുന്നത്, ഒലിച്ചുപോയതിനുശേഷം ഉണ്ടായിരുന്ന മെറ്റലിന്റെ അളവുകൾ എടുത്തിരുന്നോ തുടങ്ങിയ വിശദീകരണങ്ങളും ആവശ്യപ്പെട്ടിരുന്നു. ഇതിനുള്ള വിശദീകരണം 1-12-1999 ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) ചീഫ് എഞ്ചിനീയറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി കാണുന്നില്ല.

(ഇ) റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്ക് പണി തുടങ്ങാനാകുമെന്നതിനാൽ പ്രത്യേകാനുമതി നൽകേണ്ട ആവശ്യം വരുന്നില്ല.

52 (961) കോട്ടക്കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം

<u>ശ്രീ. പി. വിശ്വൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പയ്യോളി പഞ്ചായത്തിൽ കോട്ടക്കടപ്പുറം കടലാക്രമണത്തിൽനിന്നും രക്ഷപ്പെടുത്താൻ കടൽഭിത്തി കെട്ടുവാൻ എത്ര രൂപയുടെ പ്രൊപ്പോസലാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കടൽഭിത്തി കെട്ടുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) ഇതിന്റെ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ പയ്യോളി പഞ്ചായത്തിൽ കോട്ടക്കടപ്പുറത്ത് സി.പി.സ്റ്റോർ നമ്പർ 2459-നും 2465-നും ഇടയിൽ 1 കി.മീ. നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിനായി 105 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ നിലവിലുണ്ട്.

(ബി) പ്രസ്തുത കടൽഭിത്തി നിർമ്മാണത്തിനായി 1999-2000 വർഷത്തെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ വിഹിതമായി വകയിരുത്തി യിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly